യാത്ര ●
ടി.കെ.എം ഇഖ്ബാൽ



# യുഗപരിവർത്തനങ്ങളുടെ ചരിത്രഭൂമിയിലൂടെ



കഅ്ബ കൺമുന്നിൽ. അതിനു ചുറ്റും ത്വവാഫ് ചെയ്യുന്നവരുടെ വർത്തുളമായ അനുസ്യൂത പ്രവാഹം. തൊട്ടുപിറകെ മാർബിൾ വിരിച്ച് മനോഹരമാക്കിയ നിലത്ത് പ്രാർഥനയിലും നമസ്കാരത്തിലും മുഴുകിയിരിക്കുന്ന തീർഥാടക കൂട്ടങ്ങൾ. വിശാലമായ ആകാശത്തിനു കീഴെ വെളിച്ചത്തിൽ മുങ്ങിനിൽക്കുന്ന ആ കറുത്ത ചതുരത്തിന്റെ കാഴ്ച അവാച്യമായ അനുഭൂതി ഉളവാക്കുന്നതാണ്. ഒരു ജന്മം മുഴുവൻ കാണാൻ കൊതിച്ച ആ കാഴ്ചയിൽ സ്വയം നഷ്ടപ്പെട്ടുനിൽക്കുന്ന തീർഥാടകർ.

**തീർഥാടനം** ആത്മീയവും അതോടൊപ്പം ആത്മനിഷ്ഠവുമായ ഒരു അനുഭവമാണ്. ഓരോ തീർഥാടകനും വ്യത്യസ്തമായ രീതിയിലാണ് ആത്മസായൂജ്യം അനുഭവിക്കുന്നത്. വിശുദ്ധ മക്കയിലേക്കും പ്രവാചക നഗരിയായ മദീനയിലേക്കും അനവധിയാളുകൾ യാത്ര പോവുകയും തങ്ങളുടെ അനുഭവങ്ങൾ വാക്കിൽ പകർത്തിവെക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, എത്ര എഴുതിയാലും പറഞ്ഞാലും തീർഥാടനത്തിന്റെ പുതുമ അവസാനിക്കുന്നില്ല. മറ്റൊരു തീർഥാടകന്റെ ആത്മനിർവൃതിയിൽ ചാലിച്ച അനുഭവങ്ങൾ കുറിക്കുകയാണിവിടെ. ഒരാഴ്ചയിലേറെ നീണ്ട ഒരു ഉംറ യാത്രയുടെ നാൾവഴികളിലൂടെ ഒരു ഹ്രസ്വസഞ്ചാരം.

ഖത്തറിൽനിന്ന് റോഡ് വഴിയാണ് ഞാനും കുടുംബവും സുഊദിയിൽ എത്തിയത്. ഖത്തറിന്റെയും സുഊദി അറേബ്യയുടെയും അതിർത്തികൾ കടന്നു ഹുഫൂഫ് വഴി രിയാദ് വരെ കാറിൽ. ദോഹയിൽനിന്ന് മക്കവരെ സ്വന്തം കാറിൽ പോയി ഉംറ നിർവഹിച്ച് തിരുച്ചുവരുന്നവർ ധാരാളമുണ്ട്. അത്രയും ദൂരം ഡ്രൈവ് ചെയ്യാനുള്ള മനസ്സാന്നിധ്യം ഇല്ലാത്തതുകൊണ്ടാണ് കാർ യാത്ര രിയാദിൽ അവസാനിപ്പിച്ചത്. മരുഭൂമിയുടെ ഏകാന്തതയും വിജനതയും അതിതീവ്രമായി അനുഭവിപ്പിക്കുന്നതാണ് ഈ യാത്ര. ഇടക്ക് മിന്നിമറയുന്ന ഈന്തപ്പനത്തോപ്പുകൾ അതിരിട്ട ഗ്രാമങ്ങളുടെയും കൊച്ചു പട്ടണങ്ങളുടെയും ദൃശ്യങ്ങൾ ഒഴിച്ചാൽ ചുറ്റും മരുഭൂമി തന്നെ. കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന മണൽക്കാടുകൾ; അതിന് ഒരു അലങ്കാരം പോലെ മൊട്ടക്കുന്നുകളും. മേലെ കത്തിക്കാളുന്ന സൂര്യൻ, നിരനിരയായി നീങ്ങുന്ന ഒട്ടകക്കൂട്ടങ്ങൾ, ഈ ഏകാന്തതക്ക് തീവ്രത കൂട്ടുന്നേയുള്ളൂ. അനന്തമായി നീണ്ടുപോവുന്ന ഹൈവേ പലപ്പോഴും ശൂന്യം. ഹുഫൂഫിനു ശേഷം അഹ്സ കഴിഞ്ഞ് റോഡ് ദമ്മാമിലേക്കും രിയാദിലേക്കും രണ്ടായി പിരിയുന്നു. ദമ്മാം വഴി ജോർദാനിലേക്കും സിറിയയിലേക്കും പോവാം. വഴി കൃത്യമായി അടയാളപ്പെടുത്തിയ സൈൻ ബോർഡുകൾ യാത്രയിൽ വലിയൊരു ആശ്വാസമാണ്. ഇടക്കിടെ വിശ്രമത്താവളങ്ങളുമുണ്ട്. പെട്ടെന്ന് സൈൻ ബോർഡുകൾ അപ്രത്യക്ഷമായി. റോഡിൽ വാഹനങ്ങളും നന്നേ കുറവ്. വഴിതെറ്റിയോ എന്ന് കലശ

മായ സംശയം. ശ്വാസം നേരെ വീണത് വിജനമായ പാത ദമ്മാം–രിയാദ് ഹൈവേയിൽ ചെന്നു ചേർന്നപ്പോഴാണ്. അപ്പോഴേക്കും ഇരുട്ടി തുടങ്ങിയിരുന്നു. ദമ്മാം–രിയാദ് ഹൈവേ ശരിക്കും ഒരു രാജപാത തന്നെ. 100–120 കിലോമീറ്റർ സ്പീഡിൽ നീങ്ങുന്ന ഞങ്ങളെ പിറകിലാക്കിക്കൊണ്ട് കാറുകൾ മിന്നൽ വേഗത്തിൽ കടന്നുപോകുന്നു. സന്ധ്യയോടെ രിയാദ് നഗരത്തിൽ ചെന്നു ചേർന്നു.

രിയാദിൽ തങ്ങാൻ അധികം സമയമില്ല. എത്രയും വേഗം ജിദ്ദയിലെത്തുക എന്നതാണ് ലക്ഷ്യം. അന്നുതന്നെ അർധരാത്രി കഴിഞ്ഞ് സുഊദി പബ്ലിക് ട്രാൻസ്പോർട്ട് കമ്പനിയുടെ ബസ്സിൽ ജിദ്ദയിലേക്ക് തിരിച്ചു. ജിദ്ദയിൽ വെച്ച് ഇഹ്റാമിൽ പ്രവേശിച്ച് ഉംറക്ക് പുറപ്പെടാനാണ് പ്ലാൻ.

നേരം പുലരുമ്പോഴേക്കും ബസ് ത്വാഇഫിനടുത്ത് എത്തിയിരുന്നു. മണൽക്കൂനകൾ പാറക്കെട്ടുകൾ നിറഞ്ഞ മലനിരകൾക്ക് വഴിമാറിയിരിക്കുന്നു. രാത്രി എപ്പോഴോ മഴ പെയ്തിരുന്നു. ആകാശം മൂടികെട്ടി നിൽക്കുന്നു. കുറേ മുന്നോട്ട് പോയപ്പോൾ മിന്നൽ പിണരുകൾ അന്തരീക്ഷം പിളർന്നു. ഇടിവെട്ടി മഴ പെയ്തുതുടങ്ങി. മിനിറ്റുകൾ മാത്രം നീണ്ട ശക്തിയായ മഴ. ചരൽക്കല്ലുകൾ വാരിയെറിയുന്ന പോലെ. മഴ പെട്ടെന്നു തോർന്നു. മാനം തെളിഞ്ഞു. ത്വാഇഫ് എത്താറായിരിക്കുന്നു. മക്കയിൽനിന്ന് അഭയം തേടിയെത്തിയ മുസ്‌ലിംകളെ ആട്ടിയോടിച്ച, പിന്നീട് പ്രഗത്ഭരായ സ്വഹാബിമാർക്ക് ജന്മം നൽകിയ ചരിത്ര പ്രസിദ്ധമായ ത്വാഇഫ് ഇന്ന് ഒരു ഹരിത നഗരിയാണ്. സുഊദിയിലെ പ്രശസ്ത സുഖവാസ കേന്ദ്രം. ത്വാഇഫ് ചുറ്റി കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അവസരം ഒത്തുവന്നില്ല. ഉച്ചക്ക് ഒരു മണിയോടെ ബസ് ജിദ്ദയിൽ എത്തി. തലസ്ഥാനമായ രിയാദും തുറമുഖനഗരിയായ ജിദ്ദയും ഒന്നിനൊന്ന് കിടപിടിക്കുന്നവയാണ്. പഴമ കൊണ്ടും പ്രശസ്തി കൊണ്ടും ജിദ്ദയാണ് ഒരുപടി മുന്നിൽ. കടലിന്റെ സാമീപ്യം കാരണം രിയാദിലെ പോലെ തീവ്രമല്ല കാലാവസ്ഥ. മറ്റു പല ഗൾഫ് നഗരികളെക്കാളും 'ലൈഫ്' ഉള്ള സിറ്റിയാണിതെന്ന് പെട്ടെന്നു തന്നെ തിരിച്ചറിയാൻ കഴിയും. മക്കയിലേക്കും മദീനയിലേക്കും പോവുന്ന തീർഥാടകർ ഏറ്റവും അധികം വന്നിറങ്ങുന്ന നഗരിയെന്ന നിലക്ക് ജിദ്ദയുടെ പ്രാധാന്യം ഊഹിക്കാം.

അന്നു രാത്രിതന്നെ ഇഹ്റാമിൽ പ്രവേശിച്ച് മക്കയിലേക്കു പുറപ്പെട്ടു. ആദ്യത്തെ ഉംറയായതു കൊണ്ട് എല്ലാം നവ്യമായ അനുഭവമായിരുന്നു. ആകാശവിശാലതയിൽ അലിഞ്ഞ് ഇല്ലാതാവുന്ന മലനിരകളുടെ മങ്ങിയ രാകാഴ്ചകൾ പിന്നിട്ട് കാർ പുണ്യനഗരിയോട് അടുക്കുകയാണ്. ഒടുവിൽ മക്കയുടെ കവാടത്തിൽ. കരിമ്പാറകൾ വെട്ടിയുണ്ടാക്കിയ വഴി കുത്തനെ മുകളിലേക്കു പോകുന്നു. പുണ്യനഗരിക്ക് കാവലിരിക്കുന്ന പോലെ ചുറ്റും ദുർഘടമായ ഗിരിനിരകൾ. പാറകൾക്ക് മുകളിൽ പടുത്തുയർത്തിയ കൂറ്റൻ കോൺക്രീറ്റ് സൗധങ്ങൾ. അവക്കിടയിലൂടെ വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന മസ്ജിദുൽ ഹറാം കാണാം. അവിശ്വസനീയമായ ആ കാഴ്ച ഉൾക്കൊള്ളാൻ പ്രയാസപ്പെട്ടു. ഹറമിലേക്ക് നടന്നു. ചുറ്റും നിർമാണ പ്രവർത്തനങ്ങൾ തകൃതിയായ നടക്കുന്നു. നിർമാണത്തോടൊപ്പം സംഹാരവും. ഹറമിന് വിശാലത കൂട്ടാൻ വേണ്ടി ചുറ്റുമുള്ള കൂറ്റൻ കെട്ടിടങ്ങൾ പലതും പൊളിച്ചു മാറ്റുകയാണ്. തീർഥാടകരുടെ പ്രാർഥനാ മന്ത്രങ്ങളെ നിഷ്പ്രഭമാക്കുന്നവിധം യന്ത്രങ്ങളുടെ ആസുരമായ ഒച്ച. അനുസ്യൂതം തുടരുന്ന ഈ വികസന പ്രക്രിയയിൽ വിശുദ്ധ നഗരിക്ക് പലതും നഷ്ടമായിരിക്കുന്നു. ഹാജറാ ബീവി ദാഹജലം തേടി അലഞ്ഞ സ്വഫാ മർവാ താഴ്‌വര ഇന്ന് എയർകണ്ടീഷൻ ചെയ്ത നീണ്ട രണ്ട് നടപ്പാതകളാണ്. എന്നിട്ടും ഗൃഹാതുരമായ ഭൂതകാല സ്മൃതികൾ തൊട്ടുണർത്തുന്ന എന്തെല്ലാമോ ഇവിടെ ഇപ്പോഴും അവശേഷിക്കുന്നു. മലനിരകളുടെ മടിയിൽ തലചായ്ച്ചുള്ള മക്കയുടെ അസാധാരണമായ ആ കിടപ്പ്; പാറകൾക്കിടയിലൂടെ തെളിയുന്ന മസ്ജിദുൽ ഹറാമിന്റെ ധാവള്യം; ഈ ദൃശ്യങ്ങളെങ്കിലും തീർഥാടകന് നഷ്ടമാവാതിരിക്കട്ടെ.

സ്വഫാ മർവായുടെ കവാടത്തിലൂടെ ഉള്ളിലേക്ക് കടന്നു. പാതിരാവിലും സഅ്‌യ് നടത്തുന്നവരുടെ തിരക്കാണിവിടെ. ഉംറക്ക് ഇത്രയും ജനമാണെങ്കിൽ ഹജ്ജിന്റെ അവസ്ഥ എന്തായിരിക്കും എന്നു ചിന്തിച്ചുപോയി. മറ്റൊരു കവാടത്തിലൂടെ വലത്തോട്ട് നടന്നപ്പോൾ വിശുദ്ധ കഅ്ബയെ വലയം ചെയ്ത് നിൽക്കുന്ന പള്ളിയിലാണ് ചെന്നെത്തിയത്. കഅ്ബ കൺമുന്നിൽ. അതിനു ചുറ്റും ത്വവാഫ് ചെയ്യുന്നവരുടെ വർത്തുളമായ അനുസ്യൂത പ്രവാഹം. തൊട്ടുപിറകെ മാർബിൾ വിരിച്ച് മനോഹരമാക്കിയ നിലത്ത് പ്രാർഥനയിലും നമസ്കാരത്തിലും മുഴുകിയിരിക്കുന്ന തീർഥാടക കൂട്ടങ്ങൾ. വിശാലമായ ആകാശത്തിനു കീഴെ വെളിച്ചത്തിൽ മുങ്ങിനിൽക്കുന്ന ആ കറുത്ത ചതുരത്തിന്റെ കാഴ്ച അവാച്യമായ അനുഭൂതി ഉളവാക്കുന്നതാണ്. ഒരു ജന്മം മുഴുവൻ കാണാൻ കൊതിച്ച ആ കാഴ്ചയിൽ സ്വയം നഷ്ടപ്പെട്ടുനിൽക്കുന്ന തീർഥാടകർ. ഞങ്ങൾ ത്വവാഫ് ചെയ്യുന്ന ആൾക്കൂട്ടത്തിൽ അലിഞ്ഞു ചേർന്നു. പല നാടുകളിൽനിന്നെത്തിയ സ്ത്രീകളും പുരുഷന്മാരും. വിദൂരദിക്കുകളിൽ നിന്നുപോലും ഉംറക്കു വന്നുചേർന്നവരുണ്ട്. ഇറാനിൽനിന്നും ഇന്തോനേഷ്യയിൽനിന്നുമുള്ള ധാരാളം തീർഥാടകരെ കാണാനായി. കഅ്ബയുടെ അരികു ചേർന്നുകൊണ്ട് ത്വവാഫ് ചെയ്യാൻ കഴിഞ്ഞു. ഹജറുൽ അസ്‌വദിനെ ജനങ്ങൾ പൊതിഞ്ഞിരിക്കുന്നു. കറുത്ത ശിലയിൽ മുഖംപൂഴ്ത്തി പൊട്ടിക്കരയുകയും ദീർഘമായി പ്രാർഥിക്കുകയുമാണവർ. സാമാന്യം പൊക്കവും ആരോഗ്യവുമുള്ളവർക്കേ തിരക്കിലൂടെ നൂണ്ടുക



**ത്വവാഫിന് ശേഷം കഅ്ബക്ക് അഭിമുഖമായി രണ്ട് റക്അത്ത് നമസ്കരിച്ചു. പ്രാർഥനകൾ പൂർത്തിയാക്കി ഞങ്ങൾ സഅ്‌യിലേക്ക് തിരിഞ്ഞു. സ്വഫാ–മർവക്കിടയിൽ ഓടിയ ഹാജറയുടെ പാരവശ്യം സഅ്‌യ് നടത്തുന്നതീർഥാടകന് ഒരു അളവു വരെ ഇന്നും അനുഭവിക്കാനാവും. ഹാജറയെ പോലെ ദാഹാർഥരായി നമ്മളും സംസം തിരക്കുന്നു. ഹറമിൽ എവിടെയും നിങ്ങൾക്ക് അത് ലഭ്യമാണ്, യാതൊരു ലോഭവുമില്ലാതെ. ഇത്രയേറെ വർഷങ്ങൾ, ഇത്രയേറെ ജനങ്ങൾ പാനംചെയ്തിട്ടും ഇന്നും അനർഗളമായി പ്രവഹിക്കുന്ന ആ നീരുറവയേക്കാൾ വലിയ അത്ഭുതം മറ്റെന്താണുള്ളത്?**

ടന്ന് ഹജറുൽ അസ്‌വദ് സ്പർശിക്കാനാവൂ. സ്ത്രീകൾക്ക് അതേതാണ്ട് അസാധ്യംതന്നെ.

ത്വവാഫിന് ശേഷം കഅ്ബക്ക് അഭിമുഖമായി രണ്ട് റക്അത്ത് നമസ്കരിച്ചു. പ്രാർഥനകൾ പൂർത്തിയാക്കി ഞങ്ങൾ സഅ്‌യിലേക്ക് തിരിഞ്ഞു. സ്വഫാ-മർവക്കിടയിൽ ഓടിയ ഹാജറയുടെ പാരവശ്യം സഅ്‌യ് നടത്തുന്നതീർഥാടകന് ഒരു അളവു വരെ ഇന്നും അനുഭവിക്കാനാവും. ഹാജറയെ പോലെ ദാഹാർഥരായി നമ്മളും സംസം തിരക്കുന്നു. ഹറമിൽ എവിടെയും നിങ്ങൾക്ക് അത് ലഭ്യമാണ്, യാതൊരു ലോഭവുമില്ലാതെ. ഇത്രയേറെ വർഷങ്ങൾ, ഇത്രയേറെ ജനങ്ങൾ പാനംചെയ്തിട്ടും ഇന്നും അനർഗളമായി പ്രവഹിക്കുന്ന ആ നീരുറവയേക്കാൾ വലിയ അത്ഭുതം മറ്റെന്താണുള്ളത്?

ഉംറ പൂർത്തിയാകുമ്പോൾ അർധരാത്രി പിന്നിട്ടിരുന്നു. ഹറമിൽ രാപാർക്കുന്ന ആയിരങ്ങളോടൊപ്പം പള്ളിയുടെ ഒരോരത്ത് ഞങ്ങളും ഇടം കണ്ടെത്തി. തീർഥാടകർക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളുടെ ധാരാളിത്തം ഞങ്ങളെ വിസ്മയിപ്പിക്കുകതന്നെ ചെയ്തു. മാർബിളിന്റെ കണ്ണഞ്ചിപ്പിക്കുന്ന ഒരു ലോകം. ഹറമിന്റെ വാസ്തുശിൽപത്തോട് കിടപിടിക്കാൻ മസ്ജിദുന്നബവി മാത്രമേ ഉള്ളൂ. രണ്ടും ഏതാണ്ട് ഒരേ മാതൃകയിൽ പണി കഴിപ്പിച്ചതാണല്ലോ.

ഒന്നു മയങ്ങിയതേ ഉള്ളൂ, തഹജ്ജുദ് നമസ്കാരത്തിന്റെ സമയമറിയിച്ചുകൊണ്ടുള്ള ബാങ്ക് മുഴങ്ങി. ഉറങ്ങുന്നവരെ ഉണർത്താൻ ഉണ്ടാക്കിയ ഒരു നല്ല 'ബിദ്അത്താ'ണ് ഈ ബാങ്ക്. തഹജ്ജുദിനും സുബ്ഹിക്കും വേണ്ടി ജനങ്ങളുടെ വരവായി. മക്ക മുഴുവൻ ഹറമിലേക്ക് ഒഴുകി എത്തുകയാണ്, പല കൈവഴികളിലൂടെ. പള്ളിയുടെ അകവും പുറവും ജനനിബിഡം. ഹജ്ജിന്റെ പ്രതീതി. ത്വവാഫും സഅ്‌യും അപ്പോഴും തുടരുകയാണ്. സുബ്ഹ് നമസ്കാരത്തിന് സമയമായി. ഇഖാമത്ത് വിളിച്ചു. പെട്ടെന്ന് എല്ലാം നിശ്ചലം. ത്വവാഫും സഅ്‌യും നിലക്കുന്നു. ആളുകൾ എവിടെയാണോ ഉള്ളത്, അവിടെ അവർ നമസ്കാരത്തിന് കഅ്ബയുടെ നേരെ തിരിഞ്ഞു നിൽക്കുന്നു. ഒരേ താളം, ഒരേ മനസ്സ്. ഹജ്ജിൽ മൂർത്തരൂപം പ്രാപിക്കുന്ന ഈ ഐക്യപ്രകടനത്തിന് ഹറം ഓരോ ദിവസവും അഞ്ചുനേരം സാക്ഷിയാവുന്നു.

നമസ്കാരത്തിന് ശേഷം പള്ളിയിൽനിന്ന് പുറത്തിറങ്ങി. ഹറമിന്റെ പല കവാടങ്ങളിലൂടെ പരന്നൊഴുകുന്ന ജനത്തെ നോക്കി നിന്നപ്പോൾ ഏതെല്ലാമോ ഗതകാല ചിത്രങ്ങൾ മനസ്സിലൂടെ മിന്നിമറഞ്ഞു. എത്ര ജനതതികളാണ് ഈ കൈവഴികളിലൂടെ കടന്നുപോയിട്ടുള്ളത്! ഏതെല്ലാം യുഗപരിവർത്തനങ്ങൾക്ക് സാക്ഷിയായ ചരിത്രഭൂമിയാണിത്!

പുറത്ത് തെരുവു കച്ചവടം പൊടിപൊടിക്കുന്നു. ഭിക്ഷ ചോദിക്കുന്നവരും ധാരാളമുണ്ട്. അധികവും സ്ത്രീകൾ. യാചനയും ഇവിടെ ഒരു കച്ചവടമാണെന്ന് പറഞ്ഞുകേട്ടു. ജനകോടികൾ ഒഴുകി എത്തുന്ന ഏത് തീർഥാടന കേന്ദ്രത്തിലും ഇതൊക്കെ സ്വാഭാവികംതന്നെ. പക്ഷേ, സമാധാനമാണ് ഈ ദേശത്തിന്റെ മുഖമുദ്ര. ഹറമിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും അത് തൊട്ടറിയാനാവും. ആരും ആരെയും ആക്രമിക്കുന്നില്ല, തമ്മിൽ കലഹിക്കുന്നില്ല, ഒന്നു കയർത്ത് സംസാരിക്കുന്നു പോലുമില്ല. നിയമപാലകരുടെ പെരുമാറ്റത്തിൽ പോലും സൗമ്യഭാവം തെളിഞ്ഞു കാണാം. ഹറമും പരിസരവും നിരന്തരം വൃത്തിയാക്കുന്ന പണിയിൽ ഏർപ്പെട്ട തൊഴിലാളികളുടെ മുഖഭാവം ഒന്നു ശ്രദ്ധിച്ചുനോക്കൂ. വീണ്ടും വീണ്ടും അഴുക്കുകൾ ഉണ്ടാകുമ്പോഴും യാതൊരു പരിഭവവുമില്ലാതെ അവരത് നീക്കം ചെയ്യുന്നു. ഏതു നാട്ടുകാരനായാലും, സമൂഹത്തിന്റെ ഏത് ശ്രേണിയിൽ പെട്ടയാളായാലും ഇവിടെ മനുഷ്യർ തുല്യരാണ്.

ഞങ്ങൾ ജിദ്ദയിലേക്ക് മടങ്ങി; തിരിച്ചുപോവുന്നതിന് മുമ്പ് ഒരിക്കൽ കൂടി മക്കയിൽ വരണമെന്ന നിയ്യത്തോടെ. ■

(അടുത്ത ലക്കത്തിൽ അവസാനിക്കും)